# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 68 Issue No. 09 September 2025 Rs. 15/-







അനുമോദനങ്ങൾ...
പ്രാർത്ഥനാശംസകൾ...
മാർ കുര്യാക്കോസ് ഭരണികുളങ്ങര
ഫരീദാബാദ് അതിരൂപതാദ്ധ്യക്ഷൻ
മാർ സെബാസ്റ്റ്യൻ വടക്കേൽ
ഉജ്ജയിൻ അതിരൂപതാദ്ധ്യക്ഷൻ
മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ
കല്യാൺ അതിരൂപതാദ്ധ്യക്ഷൻ
മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ
ഷംഷാബാദ് അതിരൂപതാദ്ധ്യക്ഷൻ
മോൺ. ജെയിംസ് പട്ടേരിൽ CMF
ബൽത്തങ്ങാടി നിയുക്ത മെത്രാൻ
മോൺ. ജോസഫ് തച്ചാപറമ്പത്ത് CMI
അദിലാബാദ് നിയുക്ത മെത്രാൻ

# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 68 Issue No. 9 September 2025 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ
5. സിനഡനന്തര സർക്കുലർ
12. നിര്യാതയായി
13. കച്ചേരിക്കാര്യം
    - മരിച്ചവരുടെ ഓർമ്മദിനം
    - മുദ്രപത്രങ്ങൾ
    - പ്രീസ്റ്റ്സ് കോൺടാക്റ്റ് ബുക്ക്
14. Dept. of Archdiocesan Public Relations
15. വാർത്തകളും വിശേഷങ്ങളും
17. വിശ്വാസപരിശീലന കേന്ദ്രം
19. ഫാമിലി അപ്പോസ്തലേറ്റ്
21. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)
23. നൈപുണ്യ ഇന്റർനാഷണൽ
25. ബൈബിൾ അപ്പോസ്തലേറ്റ്
26. കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസി
29. AICO
29. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Moothedan Gheevarghese, Meloor | | | 2-9-1903 |
| Fr. Pudissery Louis, Vaikom | 1890 | 1919 | 2-9-1975 |
| Fr. Thekkeperayil Joseph, Vaikom | 1926 | 1955 | 2-9-2008 |
| Fr. Vadakumchery Joseph, Rajagiri | 1929 | 1952 | 2-9-2014 |
| Fr. Payyappilly Antony, Aluva | 1930 | 1955 | 3-9-2005 |
| Fr. Kudiyiruppil Jacob, Mattoor | 1893 | 1922 | 4-9-1978 |
| Fr. Pallippadan Joseph, Manjapra | 1933 | 1961 | 4-9-2003 |
| Fr. Payyappilly Ouseph, Akaparambu | 1880 | 1905 | 5-9-1961 |
| Fr. Mekkunnel Paulose, Nakapuzha | 1883 | 1911 | 6-9-1956 |
| Fr. Annassery Joseph, Vaikom | 1901 | 1930 | 6-9-1958 |
| Fr. Manjaly Kuriakose, Kanjoor | 1924 | 1953 | 6-9-2004 |
| Fr. Thachil Paul, Kuthiathodu | 1897 | 1922 | 7-9-1971 |
| Fr. Airookkaran Paul, Sehiyonpuram | 1932 | 1959 | 7-9-1994 |
| Fr. Parakkal Devassy, Kizhakkambalam | 1887 | 1915 | 8-9-1965 |
| Fr. Thattil Varghese, Chowara | 1941 | 1967 | 8-9-2006 |
| Fr. Thachil Joseph, N. Kuthiathode (New) | 1938 | 1964 | 8-9-2016 |
| Archbishop Joseph Chennoth, Kokkamangalam | 1943 | 1969 | 8-9-2020 |
| Fr. Valliarumpeth (Panakal) Joseph, Vallakom | 1864 | 1895 | 9-9-1930 |
| Fr. Vettikkappilly Jacob, Vaikom | 1856 | 1897 | 9-9-1930 |
| Fr. Thaliath Joseph, Puthenpally | 1882 | 1908 | 10-9-1952 |
| Fr. Moonjely Thomas, Puthenpally | 1888 | 1913 | 10-9-1970 |
| Fr. Thaliath Varkey TOCD, Puthenpally | 1837 | 1865 | 11-9-1926 |
| Fr. Paremakkal Joseph, Vadayar | 1892 | 1919 | 11-9-1955 |
| Fr. Vattoly Thomas, Kadukutty | 1893 | 1925 | 13-9-1954 |
| Fr. Puthiyaveliyil Thomas, Chalil | 1933 | 1962 | 13-9-2011 |
| Fr. Nangelimalil Joseph, Pulluvazhy | 1941 | 1969 | 14-9-2022 |
| Fr. Kandathil Thomas, Chempu | 1903 | 1933 | 16-9-1984 |
| Fr. Palathunkal Paulose, Thripunithura | 1874 | 1902 | 19-9-1947 |
| Fr. Chirackal Manavalan Varghese, Kuthiathode (Old) | 1907 | 1932 | 21-9-1975 |
| Fr. Valavi Joseph, Ernakulam | 1950 | 1977 | 22-9-2021 |
| Fr. Kudiyiruppil Gervasis, Mattoor | 1859 | 1894 | 23-9-1942 |
| Fr. Kandathil Anthapai, Chembu | 1900 | 1930 | 24-9-1972 |
| Fr. Manjooran Raphael TOCD, Chakkarakadavu | 1852 | 1879 | 25-9-1918 |
| Fr. Thottunkal Mathew, Pazhanganad | 1911 | 1949 | 25-9-1974 |
| Fr. Thottappilly Mathew, Vadayar | 1945 | 1975 | 25-9-1993 |
| Fr. Vadakumchery Kuriakose, Manjapra | 1902 | 1930 | 26-9-1973 |
| Fr. Puthenangady Paul, Chowara | 1950 | 1974 | 29-9-2013 |
| Fr. Paravara Peter, Thripunithura | 1906 | 1935 | 30-9-1974 |

Prot. No. 0652/2025

# സിനഡനന്തര സർക്കുലർ

സീറോമലബാർസഭയുടെ
മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ
തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും
വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിമൂന്നാമതു സിനഡിന്റെ രണ്ടാം സമ്മേളനം 2025 ആഗസ്റ്റ് 18 മുതൽ 29 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടക്കുകയുണ്ടായി. സീറോമലബാർസഭയെ ഏറെ സ്നേഹിക്കുകയും സഭയുടെ വളർച്ചയ്ക്കായി പുതിയ സാധ്യതകൾ തുറന്നുതരികയുംചെയ്ത പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗവും, പൗരസ്ത്യസഭകളുടെ ദൗത്യത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകൾ ഉള്ള ലെയോ പതിനാലാമൻ മാർപാപ്പയുടെ സ്ഥാനാരോഹണവും ആദരവോടെ അനുസ്മരിച്ചുകൊണ്ടാണു സിനഡു സമ്മേളനം ആരംഭിച്ചത്. പ്രതിസന്ധികളും വെല്ലുവിളികളും ഏറെയാണെങ്കിലും, നമ്മുടെ കർത്താവു നമ്മെ ഭരമേല്പ്പിച്ച ദൗത്യനിർവഹണത്തിനായി അക്ഷീണം പരിശ്രമിക്കാൻ സഭ കടപ്പെട്ടിരിക്കുവെന്ന തിരിച്ചറിവോടെയാണു പിതാക്കന്മാർ പ്രാർഥനയിലും പരിചിന്തനങ്ങളിലും മുഴുകിയത്.

### മതസ്വാതന്ത്ര്യം ഭാരത സംസ്കാരത്തിന്റെ അനിവാര്യ ഘടകം

'നാനാത്വത്തിൽ ഏകത്വം' എന്ന തത്വത്തിൽ അധിഷ്ഠിതമായി ജാതി മത വർക്ഷ വർണ്ണ വ്യത്യാസമില്ലാതെ എല്ലാവർക്കും സ്വാതന്ത്ര്യം

അനുവദിച്ച സംസ്കാരമാണു ഭാരതത്തിന്റേത്. നമ്മുടെ രാജ്യത്തിന്റെ അഖണ്ഡതയ്ക്കു ഭംഗം വരുത്താത്ത രീതിയിൽ ഓരോ വ്യക്തിക്കും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും അത് ജീവിക്കാനും, പ്രചരിപ്പിക്കാനും ഭാരതത്തിന്റെ ഭരണഘടന സ്വാതന്ത്ര്യം നൽകുന്നുണ്ട്. നൂറ്റാണ്ടുകളായി മിഷനറിപ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ താഴെത്തട്ടിൽ ഉള്ളവരുടെ ഉന്നമനത്തിനായി ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹികമേഖലകളിൽ ക്രൈസ്തവർ നല്കിയ സംഭാവനകൾ പാടെ തമസ്കരിച്ച് അതിനെ കേവലം മതവിഷയം മാത്രമാക്കി ചുരുക്കുന്ന വർഗീയ അജണ്ടകൾ തികച്ചും ദൗർഭാഗ്യകരമാണ്. രാഷ്ട്ര നിർമാണത്തിൽ ക്രൈസ്തവരുടെ പങ്കിനെ വിസ്മരിച്ചുകൊണ്ടു നമുക്കെതിരേ വിവേചനങ്ങളും വിദ്വേഷ പ്രചരണങ്ങളും നടക്കുന്നതും നമ്മുടെ വൈദികർക്കും സമർപ്പിതർക്കും അല്മായപ്രേഷിതർക്കും സഞ്ചാര സ്വാതന്ത്ര്യംപോലും പലയിടങ്ങളിലും നിഷേധിക്കപ്പെടുന്നതും മൗലികാവകാശങ്ങളുടെ ലംഘനമാണ്. മിശിഹായുടെ സ്നേഹത്തെ പ്രതി തങ്ങളുടെ ജീവിതങ്ങൾ സഭയ്ക്കും സമൂഹത്തിനുമായി സമർപ്പിക്കുന്ന എല്ലാ പ്രേഷിതരെയും സീറോമലബാർസഭ അഭിമാനത്തോടെ ഓർക്കുന്നു. "മിശിഹായുടെ സ്നേഹത്തിൽനിന്ന് ആരു നമ്മെ വേർപെടുത്തും; ക്ലേശമോ ദുരിതമോ പീഡനമോ നഗ്നതയോ ആപത്തോ പട്ടിണിയോ വാളോ?... നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലെല്ലാം നാം പൂർണ വിജയം വരിക്കുന്നു" (റോമാ 8:35-37) എന്ന തിരുവചനം നമ്മെ ശക്തിപ്പെടുത്തട്ടെ!

### ഐക്യം നിലനിർത്തുക നമ്മുടെ കർത്തവ്യമാണ്

'മിശിഹായിൽ നാമെല്ലാം ഒന്നാണ്' (*In Illo Uno Unum*) എന്നതാണല്ലോ പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പയുടെ ആപ്തവാക്യം. ഒരേ സഭയിൽ നാമെല്ലാം ഒന്നായിരിക്കുന്നതാണ് ഏറ്റവും വലിയ സുവിശേഷപ്രഘോഷണം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപതകൾ സ്ഥാപിക്കാനും അജപാലനസൗകര്യങ്ങൾ ഏർപ്പെടുത്താനും സാധിച്ചപ്പോഴും പരിശുദ്ധ കുർബാനയുടെ അർപ്പണത്തെ സംബന്ധിച്ചു നിലനിന്നിരുന്ന വ്യത്യസ്തതകൾ നമ്മുടെ ഐക്യബോധത്തെ ദോഷകരമായി ബാധിച്ചിരുന്നു. ഇതിനു പരിഹാര

മായിട്ടായിരുന്നു സിനഡു തീരുമാനിച്ചതും ശ്ലൈഹിക സിംഹാസനം അംഗീകരിച്ചതുമായ ഏകീകൃത കുർബാനയർപ്പണരീതി നടപ്പിലാക്കാൻ സഭ ആഗ്രഹിച്ചത്. അതിൻപ്രകാരം ഏകീകൃത കുർബാനയർപ്പണരീതി പൂർണമായി നടപ്പിലാക്കിയ രൂപതകളെയും ഇടവകകളെയും സഭ നന്ദിയോടെ അനുസ്മരിക്കുന്നു. പരിശുദ്ധ പിതാവ് അന്തിമ തീരുമാനം അറിയിച്ചുകഴിഞ്ഞ ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി സീറോമലബാർസഭയിൽ ഉടനീളം മാറ്റമില്ലാതെ തുടരേണ്ടതാണ്. 2025 ജൂൺ 26-ാം തീയതി എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു മാത്രമായി നല്കപ്പെട്ട സർക്കുലർ ഈ തീരുമാനത്തിന്റെ തുടർച്ചയാണ്. പ്രസ്തുത സർക്കുലർപ്രകാരം ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഏകീകൃതരീതിയിൽ ഒരു വിശുദ്ധ കുർബാന വീതം ചൊല്ലിത്തുടങ്ങിയ അതിരൂപതയിലെ വൈദികരെ സിനഡു നന്ദിയോടെ ഓർമിക്കുന്നു. ഏകീകൃത കുർബാനയർപ്പണരീതി ഘട്ടം ഘട്ടമായി നടപ്പിലാക്കി ഐക്യത്തിലേക്കു വളർത്താനുള്ള ഉത്തരവാദിത്വം മേജർ ആർച്ചുബിഷപ്പിനെയും അതിരൂപതയ്ക്കുവേണ്ടിയുള്ള വികാരിയെയും വികാരിയെയും സിനഡു ചുമതലപ്പെടുത്തി.

ആരാധനക്രമത്തിലെ അനൈക്യം നമ്മെ എല്ലാവരെയും ഏറെ വേദനിപ്പിക്കുന്നു. ആരെയും മുറിപ്പെടുത്തിക്കൊണ്ടു യഥാർത്ഥ ഐക്യം സാധ്യമാക്കാനാവാത്തതിനാൽ പരസ്പരം മുറിപ്പെടുത്തുന്നവരാകാതെ സുഖപ്പെടുത്തുകയും ബലപ്പെടുത്തുകയും ചെയ്യുന്നവരാകാൻ നമുക്കു പരിശ്രമിക്കാം. ഏകീകൃത ആരാധനക്രമത്തെ സംബന്ധിച്ചു നിലനില്ക്കുന്ന ഭിന്നതകൾ പരിഹരിക്കാനുള്ള ആദ്യവഴി, പരിശുദ്ധ റൂഹായെ ശ്രവിച്ചു സഭയ്ക്കു വിധേയപ്പെടുകയും വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള അനുരഞ്ജനം സാധ്യമാക്കുകയുമാണ്. വിശുദ്ധ പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമുക്ക് ഓർമിക്കാം: “അവൻ നമ്മുടെ സമാധാനമാണ്; അവൻ ഇരുകൂട്ടരെയും ഒരുമിപ്പിക്കുകയും ശത്രുതയുടെ മതിലുകൾ തകർക്കുകയും ചെയ്തു” (എഫേസൂസ് 2:14). അതിനാൽ, വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള അകല്ച്ചകൾ ഇല്ലാതാക്കി എല്ലാവരെയും അനുരഞ്ജനത്തിലേക്കു നയിക്കാൻ സഭ മുഴുവനും പ്രതിജ്ഞാബദ്ധമാണ്. പരിശുദ്ധ പിതാവു ഫ്രാൻസിസ്

പാപ്പ നമ്മുടെ സഭയ്ക്കു നല്കിയ സന്ദേശത്തിൽ പറഞ്ഞതുപോലെ; 'ഐക്യം നിലനിറുത്തുന്നത് ഒരു നല്ല ഉപദേശം മാത്രമല്ല കർത്തവ്യ വുമാണ്.' ഐക്യം നിലനിറുത്താനുള്ള കർത്തവ്യം ഓരോ വിശ്വാസിക്കും ഉണ്ടെന്നതു നമുക്കു തിരിച്ചറിയാം.

## പരിശുദ്ധ കുർബാനയോടുള്ള സ്നേഹത്തിൽ വളരാം

ക്രൈസ്തവജീവിതത്തിന്റെ ഉറവിടവും മകുടവുമാണു പരിശുദ്ധ കുർബാന. നമ്മുടെ കർത്താവു പാപികളും അയോഗ്യരുമായ നമ്മിലേക്കു കടന്നുവരുന്ന അമൂല്യ നിമിഷങ്ങ ളാണ് വിശുദ്ധ കുർബാനയിൽ നാം അനുഭവിക്കുന്നത്. അത്യാദരവോടും ഭക്തിയോടും കൂടെ വേണം പരിശുദ്ധ കുർബാനയെ സമീപിക്കാൻ. നമ്മുടെ സഭയിൽ പരിശുദ്ധ കുർബാനയെ അവഹേളിക്കുന്ന ചില സംഭവങ്ങൾ ഉണ്ടായതു നമ്മെ ഏറെ വേദനിപ്പിക്കുകയും അനേകർക്ക് ഉതപ്പിനു കാരണ മാകുകയും ചെയ്തിട്ടുണ്ട്. ഇതിനു മാനുഷികമായ പരിഹാരങ്ങൾ അപര്യാപ്തമാണെങ്കിലും പരിശുദ്ധ കുർബാനയോടുള്ള ഭക്തിയിൽ വളരാനും പരിശുദ്ധ കുർബാനയ്ക്കുനേരേ ഉണ്ടായ അവഹേളനത്തിനു പരിഹാരം ചെയ്യാനുമായി 2025 സെപ്റ്റംബർ 12 വെള്ളിയാഴ്ച സീറോമലബാർസഭ മുഴുവനിലും ഒരു മണിക്കൂർ വിശുദ്ധകുർബാന യുടെ ആരാധനനടത്താൻ ഞാൻ എല്ലാവരെയും ആഹ്വാനംചെയ്യുന്നു.

## സഭയുടെ സിനഡാത്മകത

സഭാജീവിതത്തെ പുതിയ കാലത്തിനനുസരിച്ചു നിർവചിച്ച സുപ്രധാന മായൊരു കാൽവയ്പ്പായിരുന്നു 2023, 2024 വർഷങ്ങളിൽ റോമിൽ നടന്ന സിനഡാലിറ്റിയെക്കുറിച്ചുള്ള സിനഡു സമ്മേളനങ്ങൾ. സഭയിൽ നാമെല്ലാം സഹയാത്രികരാണെന്നുള്ള തിരിച്ചറിവോടെ, ക്രിയാത്മ കമായ ശ്രവണത്തിന്റെയും ആശയവിനിമയത്തിന്റെയും വേദികളാക്കി സഭാഘടകങ്ങളെ മാറ്റാനുള്ള മാർഗങ്ങളെക്കുറിച്ചു സിനഡു പഠിക്കുകയും വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തി, സാധിക്കുന്ന വരെയെല്ലാം ശ്രവിച്ചു അനുയോജ്യമായ കർമ പദ്ധതികൾ ആവി ഷ്കരിച്ചു നടപ്പിലാക്കാൻ രൂപതകളെ ചുമതലപ്പെടുത്തുകയും ചെയ്തു.

## സമുദായ ശക്തീകരണവർഷം - 2026

ഒരു സമുദായം എന്നനിലയിൽ സാമൂഹികയിടങ്ങളിൽ നാം മുന്നേറിയിരുന്ന പല മേഖലകളിലും ഇപ്പോൾ പിന്നാക്കം പോയിരിക്കുന്നുവെന്ന തിരിച്ചറിവായിരുന്നു പാലായിൽ നടത്തപ്പെട്ട മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി പ്രകടിപ്പിച്ചത്. എണ്ണത്തിൽ നാം കുറഞ്ഞതും യുവതലമുറ വിദേശരാജ്യങ്ങളിലേക്ക് പറിച്ചുനടപ്പെടുന്നതും നമ്മുടെ അതിജീവനത്തിനു വലിയ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. ഇവയ്ക്കു പരിഹാരം കാണുന്നതിനും നമ്മുടെ ഇടയിൽ ശക്തമായ സമുദായബോധം ഉളവാക്കുന്നതിനുമായി സീറോമലബാർസഭ 2026 സമുദായ ശക്തീകരണവർഷമായി ആചരിക്കുകയാണ്. എല്ലാ രൂപതകളുടെയും നേതൃത്വത്തിൽ ബോധവല്ക്കരണപരിപാടികൾ ആരംഭിക്കാനും നമ്മുടെ സമുദായത്തെ മുഖ്യധാരയിലേക്കു കൊണ്ടുവരുന്നതിനുപകരിക്കുന്ന ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാനും ഈ വർഷം എല്ലാവരെയും ആഹ്വാനംചെയ്യുന്നു.

## പുതിയ മെത്രാപ്പോലീത്തൻ പ്രവിശ്യകൾ

സീറോമലബാർസഭയുടെ വളർച്ചയിൽ പുതിയൊരു അധ്യായം കുറിച്ചുകൊണ്ടു കേരളത്തിനു പുറത്തു നാലു പുതിയ മെത്രാപ്പോലീത്തൻ പ്രവിശ്യകൾ രൂപീകരിക്കാനും, ഷംഷാബാദ് രൂപതയുടെ വിസ്തൃതമായ പ്രദേശങ്ങളെ അജപാലനസൗകര്യം പരിഗണിച്ചുകൊണ്ടു മറ്റു രൂപതകളുമായി കൂട്ടിച്ചേർത്തു അവയുടെ അതിർത്തികളെ പുനർനിർണയിക്കാനും പരിശുദ്ധ സിംഹാസനത്തിന്റെ അനുവാദത്തോടെ നമുക്കു സാധിച്ചു. ഭാരതം മുഴുവനിലും അജപാലന അധികാരമുണ്ടായിരുന്ന മാർത്തോമാനസ്രാണികളുടെ പുരാതനമായ സഭാഘടനയിലേക്കുള്ള സുപ്രധാനമായ ചുവടുവയ്പ്പാണിത്. പുതിയ മെത്രാപ്പോലീത്തൻ പ്രവിശ്യകളായി ഉയർത്തപ്പെട്ട ഫരീദാബാദ്, ഉജ്ജയിൻ, കല്യാൺ, ഷംഷാബാദ്, എന്നീ അതിരൂപതകൾക്കും അവയുടെ അധ്യക്ഷന്മാരായ മാർ കുര്യാക്കോസ് ഭരണികുളങ്ങര, മാർ സെബാസ്റ്റ്യൻ വടക്കേൽ, മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ, എന്നിവർക്കും പ്രാർഥനാശംസകൾ നേരുന്നു.

## സഭയ്ക്കു പ്രത്യാശയായി പുതിയ മെത്രാന്മാർ

കഴിഞ്ഞ എട്ടു വർഷങ്ങളായി സീറോമലബാർസഭയുടെ കൂരിയാ മെത്രാനായി സ്തുത്യർഹമായി സേവനംചെയ്തുവന്ന അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവു കല്യാൺ രൂപതയുടെ മൂന്നാമത്തെ മേലധ്യക്ഷനായും പ്രഥമ മെത്രാപ്പോലീത്തായായും നിയമിക്കപ്പെട്ടിരിക്കുകയാണ്. ആഴമായ ആത്മീയതയും സാഹോദര്യഭാവവും അജപാലനതീക്ഷ്ണതയും കൈമുതലായുള്ള അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിനു പുതിയ ദൗത്യത്തിൽ ദൈവാനുഗ്രഹങ്ങൾ നേരുന്നു. കഴിഞ്ഞ ഇരുപത്തൊമ്പതു വർഷങ്ങളായി കല്യാൺ രൂപതയെ നയിക്കുകയും സീറോമലബാർ സഭയുടെ ആരാധനാക്രമഗ്രന്ഥങ്ങളുടെ രൂപീകരണത്തിൽ നിർണായക സംഭാവനകൾ നല്കുകയുംചെയ്ത മാർ തോമസ് ഇലവനാൽ പിതാവിനു നന്ദിയർപ്പിക്കുന്നു. ബെൽത്തങ്ങടി രൂപതയുടെ രണ്ടാമത്തെ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ട പെരിയ ബഹു. ജെയിംസ് പട്ടേരിൽ അച്ചനു പ്രാർഥനാശംസകൾ നേരുന്നു. ക്ലരീഷ്യൻ സന്യാസ സമൂഹാംഗമായ അദ്ദേഹത്തിന്റെ പ്രേഷിത തീക്ഷ്ണതയും പ്രാഗൽഭ്യവും ബൽത്തങ്ങടി രൂപതയെ കൂടുതൽ ഉയരങ്ങളിലേക്കു നയിക്കട്ടെ എന്നു പ്രാർഥിക്കുന്നു. കഴിഞ്ഞ 26 വർഷങ്ങളായി ബൽത്തങ്ങടി രൂപതയെ അതിന്റെ ബാലാരിഷ്ടതകളിൽനിന്നും വളർത്തി വലുതാക്കിയ അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി പിതാവിനെ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. അദിലാബാദ് രൂപതയുടെ പുതിയ അധ്യക്ഷനായി നിയമിതനായ പെരിയ ബഹു. ജോസഫ് തച്ചാപറമ്പത്തു അച്ചനു ഹൃദ്യമായ പ്രാർഥനാശംസകൾ നേരുന്നു. സി. എം. ഐ. സന്യാസ സമൂഹാംഗമായ അദ്ദേഹത്തിന്റെ വിശ്വാസതീക്ഷണതയും അനുഭവപരിചയവും അദിലാബാദ് രൂപതയ്ക്കു മികച്ച നേതൃത്വംനല്കാൻ കരുത്താകും. കഴിഞ്ഞ 10 വർഷങ്ങളായി തികഞ്ഞ പ്രേഷിത ചൈതന്യത്തോടെ അദിലാബാദ് രൂപതയെ നയിക്കുകയും, ഇപ്പോൾ ഷംഷാബാദ് രൂപതാധ്യക്ഷനായി സേവനം അനുഷ്ഠിക്കുകയും

ചെയ്യുന്ന മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ പിതാവിനു ഹൃദയപൂർവം നന്ദിപറയുന്നു.

**പ്രിയപ്പെട്ടവരേ,**

സീറോമലബാർസഭ ഒരു തികഞ്ഞ പൗരസ്ത്യസഭയാണെന്നും പുരാതനമായ അതിന്റെ പൈതൃകങ്ങൾ സംരക്ഷിച്ചുകൊണ്ടാണു സാർവത്രികസഭയിൽ അതിന്റെ ദൗത്യം നിറവേറ്റേണ്ടതെന്നുമുള്ള ബോധ്യത്തിൽ നാം വളരേണ്ടതുണ്ട്. പൗരസ്ത്യസഭകളുടെ ജൂബിലി ആഘോഷാവസരത്തിൽ പരിശുദ്ധ പിതാവ് ലെയോ മാർപാപ്പ ഇപ്രകാരം പറഞ്ഞു: "പൗരസ്ത്യസഭകൾക്കു സാർവത്രികസഭയ്ക്കു നല്കാൻകഴിയുന്ന സംഭാവനകൾ വളരെ വലുതാണ്. നിങ്ങളുടെ ആരാധനക്രമത്തിൽ സജീവമായി നിലനില്ക്കുന്ന ദിവ്യരഹസ്യാത്മകതയുടെ ഭാവങ്ങൾ വീണ്ടെടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. മനുഷ്യനെ, അവന്റെ പൂർണതയിൽ ഉൾക്കൊള്ളുന്ന, രക്ഷയുടെ സൗന്ദര്യത്തെ പ്രകീർത്തിക്കുന്ന, ദൈവത്തിന്റെ മഹത്വം മാനുഷിക ബലഹീനതയെ എങ്ങനെ ആശ്ലേഷിക്കുന്നുവെന്നതിൽ അത്ഭുതബോധം ഉണർത്തുന്ന, പൗരസ്ത്യ ആരാധനക്രമപാരമ്പര്യങ്ങളെ വീണ്ടെടുക്കുകയും നിലനിറുത്തുകയും ചെയ്യണം. പ്രായോഗികതയുടെയോ സൗകര്യത്തിന്റെയോപേരിൽ അവയെ നഷ്ടപ്പെടുത്തരുത്." നമ്മുടെ സഭയുടെ പൗരസ്ത്യതനിമയും ആരാധനക്രമത്തിന്റെ വൈശിഷ്ട്യവും പഠിക്കാൻ നാം തയ്യാറാകുമ്പോൾ ഐക്യശ്രമങ്ങൾ ഫലവത്താകും എന്നതു തീർച്ചയാണ്. വെല്ലുവിളികളുടെ നടുവിൽ കരുത്തോടെ പ്രകാശിച്ച ചരിത്രമാണു നമ്മുടെ സഭയുടേത്. ലോകത്തിന്റെ അതിർത്തികൾവരെ സുവിശേഷസന്ദേശം അറിയിക്കാൻ വിളിക്കപ്പെട്ട നമുക്കു വിശ്രമമില്ലാതെ പ്രവർത്തിക്കേണ്ടതുണ്ട്. ദൈവവചനത്തിലും കൂദാശകളിലും നിന്നു ശക്തി സംഭരിച്ചുകൊണ്ടു കൂട്ടായ്മയിൽ വളർന്നു സഭയുടെ ദൗത്യത്തെ ശക്തിപ്പെടുത്താൻ നമുക്കു സാധിക്കട്ടെ!

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2025-ാം ആണ്ട് ആഗസ്റ്റു മാസം 29-ാം തീയതി നല്കപ്പെട്ടത്.

**✠ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

...............................
ഈ സർക്കുലർ 2025 സെപ്റ്റംബർ 7-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകപള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

---



## നിര്യാതയായി



**സിസ്റ്റർ ഫെലിക്സ് കാവുംപുറത്ത് SD**
സെന്റ് മേരീസ് പ്രോവിൻസ് ചുണങ്ങംവേലി

ജനനം : 10-11-1929
വ്രതവാഗ്ദാനം : 06-01-1952
മരണം : 25-08-2025

# കച്ചേരിക്കാര്യം

## മരിച്ചവരുടെ ഓർമ്മദിനം

2025 നവംബർ 2, 30 എന്നീ തീയതികൾ ഞായറാഴ്ചകളായതിനാൽ, മരിച്ചവരുടെ ഓർമ്മദിനാചരണം ഇടദിവസങ്ങളിലേക്കു മാറ്റി ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## മുദ്രപത്രങ്ങൾ

അതിരൂപതാകച്ചേരിയിൽ സമർപ്പിക്കുന്ന എല്ലാ അപേക്ഷകളും പരാതികളും അതിരൂപതയുടെ മുദ്രപത്രത്തിലാണ് നൽകേണ്ടത് (*അതിരൂപതാ നിയമസംഹിത 2009*, നമ്പർ 3.1.1 (ii)) മുദ്രപത്രങ്ങൾ ഫോട്ടോസ്റ്റാറ്റ് എടുത്ത് വിതരണം ചെയ്യാൻ പാടുള്ളതല്ല. മുദ്രപത്രങ്ങൾ അതിരൂപതാ ഫിനാൻസ് ഓഫീസിൽ ലഭ്യമാണ്.

## പ്രീസ്റ്റ്സ് കോൺടാക്റ്റ് ബുക്ക്

നമ്മുടെ അതിരൂപതയിലെ വൈദികരുടെ ഫോൺ നമ്പറുകളും, ഇ-മെയിൽ ഐഡിയും അടങ്ങിയ 'Priests' Contact Book' നവീകരിച്ച് പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്നു. 2019-ലാണ് ഇതിന്റെ അവസാന പതിപ്പ് പ്രസിദ്ധീകരിച്ചത്. ഇതിൽ എന്തെങ്കിലും തിരുത്തലുകളോ കൂട്ടി ച്ചേർക്കലുകളോ ഉണ്ടെങ്കിൽ 2025 സെപ്റ്റംബർ 10-നകം **7736771383** (ഫാ. ഡോൺ മുളവരിക്കൽ) എന്ന നമ്പറിലോ അതിരൂപതാ കച്ചേരി യിലോ അറിയിക്കുമല്ലോ. ഇതിനോടകം തിരുത്തലുകൾ നൽകിയവർ വീണ്ടും നൽകേണ്ടതില്ലെന്നറിയിക്കുന്നു.

**ഫാ. തോമസ് (ജിമ്മി) പൂച്ചക്കാട്ട്**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

## Dept. of Archdiocesan Public Relations

**EKM/PRO/2025/10** **28-07-2025**

### കന്യാസ്ത്രീകളുടെ അറസ്റ്റ് മതേതരത്വത്തിനേറ്റ മുറിവ്: എറണാകുളം-അങ്കമാലി അതിരൂപത

കൊച്ചി: ഛത്തീസ്ഗഡിൽ രണ്ടു മലയാളി കന്യാസ്ത്രീകൾക്കു നേരെയുണ്ടായ വർഗീയവാദികളുടെ ആൾക്കൂട്ട വിചാരണയും അന്യായമായ അറസ്റ്റും ഭാരതത്തിന്റെ ഭരണഘടനയ്ക്കും മതേതരദർശനങ്ങൾക്കുമേറ്റ മുറിവെന്ന് എറണാകുളം-അങ്കമാലി അതിരൂപത. ഉത്തരേന്ത്യയിൽ മതപരിവർത്തനമെന്ന ആരോപണമുന്നയിച്ച് കത്തോലിക്കാ വിശ്വാസത്തിനും മിഷനറിമാർക്കും നേരെ കാലങ്ങളായി തുടരുന്ന വേട്ടയ്ക്കു സർക്കാരുകൾ കൂട്ടു നിൽക്കുന്നതിന്റെ പ്രകടമായ ഉദാഹരണമാണ് ഛത്തീസ്ഗഡ് സംഭവം.

വിവിധ സംസ്ഥാനങ്ങളിൽ ക്രൈസ്തവ വിശ്വാസികൾക്കും സ്ഥാപനങ്ങൾക്കുമെതിരേ ആസൂത്രിതമായ അക്രമങ്ങൾ വർധിക്കുകയാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ കത്തോലിക്കാ മിഷണറിമാരുടെ സേവനസന്നദ്ധത കൊണ്ട് അവിടുത്തെ ജനതയ്ക്കുണ്ടായിട്ടുള്ള നന്മകളെ മൂടിവച്ചാണ് വർഗീയവാദികൾ ഇല്ലാക്കഥകൾ നിരത്തി അക്രമങ്ങൾ തുടരുന്നത്. അക്രമങ്ങളും കള്ളക്കേസുകളും മിഷണറിമാരുടെ പ്രവർത്തനങ്ങളെ ഭയപ്പെടുത്തി നിർവീര്യമാക്കാനുള്ള ശ്രമങ്ങളുടെ ഭാഗമാണ്. വർഗീയ അജണ്ടകളുടെ ഭാഗമായുള്ള അതിക്രമങ്ങളും ഭീതി പടർത്തലും കത്തോലിക്കാ മിഷണറിമാർ അതിജീവിക്കുക തന്നെ ചെയ്യും.

അറസ്റ്റിലായ എറണാകുളം- അങ്കമാലി അതിരൂപതയിലെ എളവൂർ കുന്നേൽ ഇടവകാംഗമായ ഗ്രീൻ ഗാർഡൻസ് സന്യാസിനി സിസ്റ്റർ പ്രീതി മേരി മാളിയേക്കലിന്റെ വീട്ടിൽ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിലും കൂരിയയിലെയും വിവിധ ഇടവകകളിലെയും വൈദികരും അൽമായ നേതാക്കളും സന്ദർശനം നടത്തി. കന്യാസ്ത്രീമാർക്കു നീതി ലഭിക്കുന്നതിനായുള്ള പരിശ്രമങ്ങളിൽ കുടുംബത്തിനും സന്യാസിനി സമൂഹത്തിനും പൂർണ പിന്തുണയുണ്ടാകുമെന്ന് അതിരൂപത പി.ആർ.ഒ. വ്യക്തമാക്കി.

ഫാ. പോൾ മേലേടത്ത്
P.R.O.

# വാർത്തകളും വിശേഷങ്ങളും

## ലോകത്തിനു പ്രത്യാശയുടെ സന്ദേശമാണ് ആവശ്യം: ലിയോ പതിനാലാമൻ പാപ്പാ

'നിങ്ങൾ ഭൂമിയുടെ ഉപ്പും, ലോകത്തിന്റെ പ്രകാശവുമാണ്' എന്ന യേശുവിന്റെ വാക്കുകൾ എടുത്തു പറഞ്ഞുകൊണ്ട്, ജൂലൈ 29-ാം തീയതി, യുവജനജൂബിലിയുടെ ഉദ്ഘാടനവേളയിൽ, വിശുദ്ധ കുർബാനയ്ക്കുശേഷം, ലിയോ പതിനാലാമൻ പാപ്പാ വത്തിക്കാൻ ചത്വരത്തിലെത്തി യുവജനങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിച്ചു. 'യേശുക്രിസ്തുവിനുവേണ്ടിയുള്ള നിങ്ങളുടെ ശബ്ദങ്ങളും ഉത്സാഹവും നിലവിളികളും ഭൂമിയുടെ അറ്റംവരെ കേൾക്കുമെന്ന്,' പാപ്പാ പറഞ്ഞു.

ലോകത്തിന് ഇന്ന് പ്രത്യാശയുടെ സന്ദേശമാണ് ആവശ്യമെന്നും, ഈ സന്ദേശങ്ങൾ എല്ലാവർക്കും പ്രദാനം ചെയ്യുന്നതിന് ഈ ജൂബിലി ദിവസങ്ങൾ സഹായകരമാകട്ടെയെന്നും പാപ്പാ ആശംസിച്ചു. നിങ്ങളെല്ലാവരും ലോകത്തിൽ എല്ലായ്പ്പോഴും പ്രത്യാശയുടെ അടയാളങ്ങളായിരിക്കുമെന്നതാണ് തങ്ങളുടെ പ്രതീക്ഷയെന്നും പരിശുദ്ധ പിതാവ് കൂട്ടിച്ചേർത്തു. വരും ദിവസങ്ങളിൽ, ദൈവകൃപയും, പ്രത്യാശയുടെ സന്ദേശവും, വെളിച്ചവും റോമാ നഗരത്തിലേക്കും, ഇറ്റാലിയൻ രാഷ്ട്രത്തിലേക്കും, ലോകം മുഴുവനിലേക്കും കൊണ്ടുവരുവാനുള്ള അവസരം ഉണ്ടാകുമെന്നും, അതിനാൽ, യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്താൽ ഒരുമിച്ചു നടക്കാമെന്നും പാപ്പാ ആഹ്വാനം ചെയ്തു.

'ലോകത്ത് സമാധാനം സംസ്ഥാപിക്കപ്പെടുന്നതിനു നമ്മുടെ നിലവിളികളും നാം ഉയർത്തണം, ഞങ്ങൾക്ക് ലോകത്ത് സമാധാനം വേണം! സമാധാനത്തിനായി നമുക്ക് പ്രാർത്ഥിക്കാം,' പാപ്പാ പറഞ്ഞു. ഈ ലോകത്ത് സമാധാനത്തിന്റെയും, അനുരഞ്ജനത്തിന്റെയും സാക്ഷികളാകുവാനും പാപ്പാ ഏവരെയും ക്ഷണിച്ചു.

## 'യുദ്ധങ്ങൾ എത്രയും വേഗം അവസാനിക്കട്ടെ': ലിയോ പതിനാലാമൻ പാപ്പാ

ആഗസ്റ്റ് 10-ാം തീയതി ഞായറാഴ്ച, ലിയോ പതിനാലാമൻ പാപ്പാ, മധ്യാഹ്ന പ്രാർത്ഥനയ്ക്ക് ശേഷം, സമാധാനത്തിനായുള്ള തന്റെ അഭ്യർത്ഥനകൾ ഒരിക്കൽ കൂടി പുതുക്കി. ഹിരോഷിമയിലും നാഗസാക്കിയിലും നടന്ന അണുബോംബാക്രമണത്തിന്റെ എണ്ണൂറാമത് വാർഷികം ആഘോഷിക്കുന്ന വേളയിൽ, യുദ്ധങ്ങൾ അവസാനിപ്പിക്കാൻ നമുക്ക് തുടർന്നും

പ്രാർഥിക്കാമെന്നു ലിയോ പതിനാലാമൻ പാപ്പാ ആഹ്വാനംചെയ്തു. ലോകമെമ്പാടുമുള്ള സംഘർഷങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു മാർഗമെന്ന നിലയിൽ, യുദ്ധങ്ങളെ നിരസിക്കുവാൻ നമുക്കു സാധിക്കണമെന്നും പാപ്പാ പറഞ്ഞു.

ഭരണകർത്താക്കൾ വിവിധങ്ങളായ തീരുമാനങ്ങൾ കൈക്കൊള്ളുമ്പോൾ, തിരഞ്ഞെടുപ്പുകളുടെ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള അവരുടെ ഉത്തര വാദിത്തങ്ങൾ മനസിൽ സൂക്ഷിക്കണമെന്നും പാപ്പാ ആവശ്യപ്പെട്ടു. ഈ തീരുമാനങ്ങളിൽ, ഏറ്റവും ദുർബലരായവരുടെ ആവശ്യങ്ങളും, സമാധാന ത്തിനായുള്ള സാർവ്വത്രികമായ ആഗ്രഹങ്ങളും അവഗണിക്കപ്പെടരുതെന്നും പാപ്പാ ഓർമ്മപ്പെടുത്തി. തുടർന്ന്, സംയുക്തമായ സമാധാന പ്രഖ്യാപന കരാറിൽ ഒപ്പുവച്ച അർമേനിയയെയും, അസർബൈജനെയും പാപ്പാ പ്രത്യേകമായി അഭിനന്ദിക്കുകയും, ഇത് സുസ്ഥിരവും ശാശ്വതവുമായ സമാധാനത്തിന് കാരണമാകുമെന്ന് താൻ പ്രതീക്ഷിക്കുന്നതായി പറയുകയും ചെയ്തു.

തന്റെ അഭ്യർത്ഥനയിൽ ഹൈറ്റിയിൽ നിലനിൽക്കുന്ന അസ്വസ്ഥതയുടെ അവസ്ഥയെ പാപ്പാ പ്രത്യേകം സൂചിപ്പിച്ചു. കൊലപാതകങ്ങൾ, അക്രമങ്ങൾ, മനുഷ്യക്കടത്ത്, നിർബന്ധിത നാടുകടത്തൽ, തട്ടിക്കൊണ്ടുപോകൽ എന്നിങ്ങനെ വിവിധ സാമൂഹ്യതിന്മകൾ നിലനിൽക്കുന്ന രാഷ്ട്രത്തിന്റെ ഭീകരാവസ്ഥയും പാപ്പാ എടുത്തു പറഞ്ഞു. ബന്ദികളെ ഉടനടി മോചിപ്പി ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവരോട് പാപ്പാ അഭ്യർത്ഥിക്കുകയും ചെയ്തു.

## കുവൈറ്റിലെ ഔർ ലേഡി ഓഫ് അറേബ്യ ദൈവാലയം ഗൾഫ് മേഖലയിലെ ആദ്യ ബസിലിക്ക

ഗൾഫ് മേഖലയിലെ ആദ്യ ബസിലിക്കയായി ഔർ ലേഡി ഓഫ് അറേബ്യ ദൈവാലയം ഉയർത്തപ്പെട്ടു. ആരാധനയും കൂദാശകളുമായി ബന്ധപ്പെട്ട ഡിക്കാസ്റ്ററിയാണ് ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വടക്കൻ അറേബ്യയിലെ അപ്പസ്തോലിക് വികാരി ബിഷപ് ആൽഡോ ബെരാർഡി, ഒ.എസ്.എസ്.ടി വ്യക്തമാക്കി.

കുവൈറ്റിലെ അഹ്മദിയിൽ സ്ഥിതി ചെയ്യുന്ന ഔർ ലേഡി ഓഫ് അറേബ്യ ദൈവാലയം ഇപ്പോൾ അപ്പസ്തോലിക് വികാരിയേറ്റിന്റെ കീഴിലാണുള്ളത്.

1948-ൽ കാർമലീത്ത സഭാംഗങ്ങൾ മുൻകൈയെടുത്തതിനെ തുടർന്ന് കുവൈറ്റ് ഓയിൽ കമ്പനിയാണ് തങ്ങളുടെ കമ്പനിയിൽ ജോലി ചെയ്യുന്നവർക്കായി ഈ ദൈവാലയം നിർമിച്ചത്. രണ്ട് വർഷം മുമ്പ് ദൈവാലയത്തിന്റെ 75-ാം വാർഷികം ആഘോഷിച്ചിരുന്നു.

# വിശ്വാസപരിശീലനകേന്ദ്രം

## I. 2025-2026 അധ്യയനവർഷത്തിലെ റെസിഡൻഷ്യൽ കോഴ്സ് തീയതികളും വിവരങ്ങളും:

**ഒന്നാം വർഷ ഡിപ്ലോമ**

- **I[st] Session - 2025 സെപ്റ്റംബർ 06, 07** തീയതികളിലായി നടത്തുന്ന ഡിപ്ലോമ കോഴ്സിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്ത കുട്ടികൾ 06-ാം തീയതി രാവിലെ 9.00-ന് എത്തിച്ചേരേണ്ടതാണ്. 07-ാം തീയതി വൈകുന്നേരം 4 മണിക്ക് ആദ്യ സെഷൻ അവസാനിക്കുന്നതാണ്.
- **II[nd] Session - 2026 മെയ് 02, 03** തീയതികളിലായി നടത്തുന്ന രണ്ടാം സെഷന് ആദ്യ സെഷനിൽ പങ്കെടുത്ത കുട്ടികളാണ് പങ്കെടുക്കേണ്ടത്. 02-ാം തീയതി രാവിലെ 9.00-ന് എത്തിച്ചേരേണ്ടതാണ്. 03-ാം തീയതി വൈകുന്നേരം 4 മണിക്ക് കോഴ്സ് അവസാനിക്കുന്നതാണ്.

**ഓരോ സെഷനും അവസാനിക്കുന്ന ദിവസം പരീക്ഷ ഉണ്ടായിരിക്കും.**

**രണ്ടാം വർഷ ഡിപ്ലോമ**

- **III[rd] Session - 2025 ഒക്ടോബർ 01, 02** തീയതികളിലായി നടത്തുന്ന ഡിപ്ലോമ കോഴ്സിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്ത കുട്ടികൾ 01-ാം തീയതി രാവിലെ 9.00-ന് എത്തിച്ചേരേണ്ടതാണ്. 02-ാം തീയതി വൈകുന്നേരം 4 മണിക്ക് മൂന്നാം സെഷൻ അവസാനിക്കുന്നതാണ്.
- **IV[th] Session - 2026 ഏപ്രിൽ 11, 12** തീയതികളിലായി നടത്തുന്ന നാലാം സെഷന് മൂന്നാം സെഷനിൽ പങ്കെടുത്ത കുട്ടികളാണ് പങ്കെടുക്കേണ്ടത്. 11-ാം തീയതി രാവിലെ 9.00-ന് എത്തിച്ചേരേണ്ടതാണ്. 12-ാം തീയതി വൈകുന്നേരം 4 മണിക്ക് കോഴ്സ് അവസാനിക്കുന്നതാണ്.

**ഓരോ സെഷനും അവസാനിക്കുന്ന ദിവസം പരീക്ഷ ഉണ്ടായിരിക്കും**

**സ്ഥലം: റിന്യൂവൽ സെന്റർ, ആസാദ് റോഡ്, കലൂർ, എറണാകുളം.**

ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ അറിയുവാൻ **Website: www.catechismernakulam.com**ൽ **Diploma Residential Course** എന്ന **Menu**-ൽ ക്ലിക്ക് ചെയ്യുക.

II. **2025 സെപ്റ്റംബർ മാസത്തിൽ നടക്കുന്ന എലൈവ് & എൻലൈറ്റ് പരിപാടികൾ:**

സെപ്റ്റംബർ 07 ഞായർ: എൻലൈറ്റ് - കാഞ്ഞൂർ ഫൊറോന

സെപ്റ്റംബർ 21 ഞായർ: എൻലൈറ്റ് - ഇടപ്പള്ളി ഫൊറോന

സെപ്റ്റംബർ 21 ഞായർ: എലൈവ് - എറണാകുളം ഫൊറോന

III. **CHRIS CHARGE 2025 :** എറണാകുളം-അങ്കമാലി അതിരൂപതാ വിശ്വാസപരിശീലന കേന്ദ്രം X, XI, XII ക്ലാസ്സുകളിലെ കുട്ടികൾക്കായി പാലാരിവട്ടം സെന്റ് മാർട്ടിൻ ഡി പോറസ് പള്ളിയുടെ പാരിഷ് ഹാളിൽ വച്ച് **2025 സെപ്റ്റംബർ 1 തിങ്കളാഴ്ച** 'CHRIS CHARGE'- One Day Revival Programme നടത്തുന്നു.

IV. **POPE FRANCIS MEMORIAL വീഡിയോ ഇന്റർവ്യൂ മത്സരം:** എറണാകുളം-അങ്കമാലി അതിരൂപതാ വിശ്വാസപരിശീലന വിഭാഗം അതിരൂപതയിലെ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി **"വിശ്വാസ പരിശീലനം, മാറ്റം അനിവാര്യമോ?"** എന്ന വിഷയത്തെ ആസ്പദമാക്കി **വീഡിയോ ഇന്റർവ്യൂ മത്സരം** നടത്തുന്നു. അഭ്യസ്തവിദ്യരായ വ്യക്തികളെ വിദ്യാർത്ഥികൾ ഇന്റർവ്യൂ ചെയ്യുന്നതിന്റെ Video Record ചെയ്ത് അതിരൂപതാ കേന്ദ്രത്തിൽ സെപ്റ്റംബർ 5-ന് മുമ്പ് mediacatecheticalministry@gmail.com എന്ന email-ലേക്ക് അയച്ചുതരുകയോ നേരിട്ട് എത്തിക്കുകയോ ചെയ്യാവുന്നതാണ്. ഈ മത്സരത്തിന്റെ സ്പോൺസർ ഫാ. പോൾ കോട്ടയ്ക്കൽ Sr ആണ്.

V. **2025 സെപ്റ്റംബർ 5 (വെള്ളി) :** തിരുവോണം - ഓഫീസ് അവധി.

VI. **ദൈവശാസ്ത്ര വൈദീക വിദ്യാർത്ഥികളുടെ സംഗമം:** ഇടവകകളിൽ വിശ്വാസപരിശീലനത്തിനു സഹായിക്കുന്ന ദൈവശാസ്ത്ര വൈദീക വിദ്യാർത്ഥികളുടെ സംഗമം സെപ്റ്റംബർ 7-ാം തീയതി വൈകുന്നേരം 3.00 മണി മുതൽ 5.00 മണി വരെ കലൂർ റിന്യൂവൽ സെന്ററിൽ വച്ച് നടത്തുന്നു.

VII. **Basic Orientation Course (BOC):** അതിരൂപതയിലെ വിശ്വാസ പരിശീലകർക്കുവേണ്ടി സെപ്റ്റംബർ മാസം 13, 14 (ശനി, ഞായർ) തീയതികളിലായി കലൂർ റിന്യുവൽ സെന്ററിൽ BOC സംഘടിപ്പിക്കുന്നു. ഇതിൽ പങ്കെടുക്കുന്നവർ അതത് ഫൊറോന സെക്രട്ടറി സിസ്റ്ററിന്റെ പക്കൽ പേര് രജിസ്റ്റർ ചെയ്യുമല്ലോ.

VIII. **Teachers' Zonal Convention (Angamaly Zone):** 2025 ആഗസ്റ്റ് 09 ശനിയാഴ്ച അങ്കമാലി, കറുകുറ്റി, കൊരട്ടി, മൂക്കന്നൂർ, മൂഴിക്കുളം ഫൊറോനകളിലെ ടീച്ചേഴ്സ് കൺവൻഷൻ പൊങ്ങം നൈപുണ്യ കോളേജിൽ വച്ചു നടന്നു. എറണാകുളം-അങ്കമാലി അതിരൂപതാ പ്രോ പ്രോട്ടോസിഞ്ചെല്ലൂസ് വെരി. റവ. ഡോ. ജിമ്മി പൂച്ചക്കാട്ട് കൺവൻഷൻ ഉദ്ഘാടനം ചെയ്തു. റവ. ഡോ. ടോബി ജോസഫ് SJ ക്ലാസ്സ് നയിച്ചു. എറണാകുളം-അങ്കമാലി അതിരൂപതാ മെത്രാപോലീത്തൻ വികാരി മാർ ജോസഫ് പാംപ്ലാനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ ജൂബിലി ആഘോഷിക്കുന്ന (50, 40, 25 വർഷങ്ങൾ) വിശ്വാസപരിശീലകരെ ആദരിക്കുകയും സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥികൾക്ക് അവാർഡ് നൽകുകയും ചെയ്തു.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

---

# ഫാമിലി അപ്പോസ്തലേറ്റ്

**Family Apostolate Centre Ernakulam (FACE) (Reg.No.43/IV/2018)**
**Jeevalaya Family Park, Chengal,Kalady 683574.**
**Ph: 0484-2462607, 8281544111**

**Renewal Centre, Azad Road Kaloor, Ph: 0484-2533077**
**Web: www.jeevalaya.org, Email : jeevalayafamilypark@gmail.com**

---

## സെപ്റ്റംബർ - ഒക്ടോബർ 2025

### വിവാഹഒരുക്ക ധ്യാനം (MPR)

| | |
|---|---|
| സെപ്റ്റംബർ 08-10 (കലൂർ) | ഒക്ടോബർ 01-03 (കാലടി) |
| സെപ്റ്റംബർ 16-18 (കാലടി) | ഒക്ടോബർ 14-16 (കാലടി) |
| സെപ്റ്റംബർ 23-25 (കാലടി) | ഒക്ടോബർ 20-22 (കലൂർ) |
| സെപ്റ്റംബർ 30-02 (കലൂർ) | ഒക്ടോബർ 28-30 (കാലടി) |

NB : വിവാഹ ഒരുക്ക ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### Teens Fest (കൗമാരക്കാർക്കുള്ള ധ്യാനം)

സെപ്റ്റംബർ 01-03 (13 മുതൽ 19 വയസ്സ് വരെ)

**എം.സി.സി ധ്യാനം**

സെപ്റ്റംബർ 13–14 ചേർത്തല

സെപ്റ്റംബർ 30–01 കറുകുറ്റി

**വിധവാ ധ്യാനം (**Contact Number 9400929111)

സെപ്റ്റംബർ 19–21

**ദമ്പതീ ധ്യാനം (**Contact Number 8078334522)

സെപ്റ്റംബർ 26–28 (20 ദമ്പതികൾക്ക് മാത്രം)

**വിവാഹോത്സവ് 2025**

വിവാഹത്തിന്റെ രജത, സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അതിരൂപത അനുമോദിക്കുന്ന ഫൊറോനതല വിവാഹോത്സവ് സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ നടക്കുന്നു. 1975, 2000 വർഷങ്ങളിൽ വിവാഹിതരായ ദമ്പതികളെ കണ്ടെത്തി പങ്കെടുപ്പിക്കാൻ ശ്രമിക്കുമല്ലോ!

**ഫൊറോനതല വിവാഹോത്സവ് തിയതികൾ:**

| | | |
|---|---|---|
| **ആഗസ്റ്റ്** | **30** | **കൊരട്ടി** (സെന്റ് മേരീസ് ഫൊറോന പള്ളി) |
| | | **കറുകുറ്റി** (ക്രിസ്തു രാജ പള്ളി) |
| **സെപ്റ്റംബർ** | **13** | **അങ്കമാലി** (ചമ്പന്നൂർ സൗത്ത് സെന്റ് റീത്താസ് പള്ളി) |
| | | **മൂഴിക്കുളം** (ചെങ്ങമനാട് സെന്റ് ആന്റണീസ് പള്ളി) |
| | | **മൂക്കന്നൂർ** (സെന്റ് മേരീസ് ഫൊറോന പള്ളി) |
| **സെപ്റ്റംബർ** | **20** | **പള്ളിപ്പുറം** (പാണാവള്ളി സെന്റ് അഗസ്റ്റിൻ പള്ളി) |
| | | **ചേർത്തല** (മുട്ടം സെന്റ് മേരീസ് ഫൊറോന പള്ളി) |
| **ഒക്ടോബർ** | **04** | **കാഞ്ഞൂർ** (കൈപ്ര ക്രിസ്തുരാജ പള്ളി) |
| | | **വല്ലം** (അയ്മുറി തിരുഹൃദയ പള്ളി) |
| | | **മഞ്ഞപ്ര** (മഞ്ഞപ്ര ഹോളി ക്രോസ് ഫൊറോന പള്ളി) |
| **ഒക്ടോബർ** | **11** | **എറണാകുളം** (പെരുമാനൂർ ലൂർദ്ദ് മാതാ പള്ളി) |
| | | **കിഴക്കമ്പലം** (ചുണങ്ങംവേലി സെന്റ് ജോസഫ് പള്ളി) |
| **ഒക്ടോബർ** | **18** | **ഇടപ്പള്ളി** (കളമശ്ശേരി സെന്റ് ജോസഫ് പള്ളി) |
| | | **പറവൂർ** (ആലങ്ങാട് സെന്റ് മേരീസ് പള്ളി) |
| **ഒക്ടോബർ** | **25** | **തൃപ്പൂണിത്തുറ** (സെന്റ് മേരീസ് ഫൊറോന പള്ളി) |
| | | **വൈക്കം** (ഇടയാഴം സെന്റ് ജോസഫ് പള്ളി) |

**അതിരൂപത കുടുംബപ്രേഷിത കേന്ദ്രത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിൽ ഇടവകകൾക്കായി നൽകുന്ന പരിപാടികൾ :**

- ഹോം മിഷൻ
- ഇടവക ധ്യാനം
- വിവാഹ വർഷം അനുസരിച്ച് ഗ്രൂപ്പുകളാക്കി ദമ്പതികൾക്ക് ഏകദിന/ അർദ്ധദിന സെമിനാർ
- സ്നേഹജ്വാല മൂന്ന് സായാഹ്നങ്ങളിൽ (30-40 ദമ്പതികൾക്ക് മാത്രമുള്ള ദാമ്പത്യ പരിശീലനം)
- വിധവാ സെമിനാർ ഏകദിന /അർദ്ധദിന സെമിനാർ
- യുവജന, കൗമാരം വ്യക്തിത്വ വികസന സെമിനാർ
- അമ്മമാർക്ക് സെമിനാർ
- പിതാക്കന്മാർക്ക് സെമിനാർ
- മുതിർന്ന പൗരൻമാർക്ക് സെമിനാർ
- ഏകസ്ഥർക്കുള്ള പരിശീലന പരിപാടികൾ

പരിപാടികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ അറിയുവാൻ ജീവാലയ ഫാമിലി പാർക്കുമായി ബന്ധപ്പെടുക (0484-2462607, 8281544111, 8078334522)

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## അറിയിപ്പുകൾ

### കാരുണ്യവില്ലാസ്

സഹൃദയയുടെ നേതൃത്വത്തിൽ കിഴക്കമ്പലം ഞാറല്ലൂരിലുള്ള കാരുണ്യവില്ലാസ് ഭവന സമുച്ചയത്തിൽ രണ്ടു കുടുംബങ്ങൾക്കുള്ള വീടുകൾ ഒഴിവുണ്ട്. അർഹതയുള്ള കുടുംബങ്ങളെ ബഹു. വികാരിയച്ചന്മാർക്ക് ശുപാർശ ചെയ്യാവുന്നതാണ് .

സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങൾ, ലഹരി, മദ്യപാന ശീലം ഇല്ലാത്തവർ, ഞാറല്ലൂർ ഇടവകയിൽ ചേരാൻ സമ്മതമുള്ളവർ, തിരികെ ലഭിക്കുന്ന പലിശ രഹിത കോഷൻ ഡിപ്പോസിറ്റ് നല്കാൻ തയ്യാറുള്ളവർ എന്നിവരെയാണ് പരിഗണിക്കുന്നത്.

**ഇടം കൗൺസിലിംഗ് സെന്റർ:**

മാനസിക സമ്മർദം, അമിത ഉത്കണ്ഠ, വിഷാദ രോഗം, സ് ക്രീൻ അഡിക്ഷൻ എന്നിവയ്ക്ക് ശാസ്ത്രീയ കൗൺസിലിംഗ് സൗകര്യം സഹൃദയയിലുണ്ട്. മുൻകൂട്ടി ബുക്ക് ചെയ്ത ശേഷം വരിക. ഫോൺ: 9995481266

**നൈവേദ്യയിൽ ആയുർവേദ ചികിത്സ**

ബഹു. വൈദികർക്ക് സഹൃദയ നൈവേദ്യ ആയുർവേദ ആശുപത്രിയിൽ വർഷകാല ആയുർവേദ ചികിത്സ ലഭ്യമാണ്. മുൻകൂട്ടി ബുക്ക് ചെയ്ത ശേഷം വരിക. ഫോൺ: 8304038267

**സഹൃദയ ആശ്വാസ് ഇൻഷുറൻസ്**

സഹൃദയ ആശ്വാസ് ഇൻഷുറൻസ് പദ്ധതിവഴി സമർപ്പിക്കുന്ന ക്ലെയിമുകൾക്ക് ഇൻഷുറൻസ് കമ്പനി പാസാക്കുന്ന തുക പോളിസി അംഗങ്ങൾക്ക് കമ്പനിയിൽ നിന്ന് നേരിട്ടായിരിക്കും ലഭിക്കുന്നത്.

**ജീവകാരുണ്യ നിധി**

അതിരൂപതാ ജീവകാരുണ്യ നിധിയിൽ നിന്നും സഹായം ലഭിക്കുന്നതിനായി തികച്ചും അർഹതയുള്ളവരുടെ അപേക്ഷകൾ ബഹു. വികാരിയച്ചന്മാർ ശരിയായ പരിശോധനകൾക്കു ശേഷം കൊടുത്തയയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു.

**ഭവന നിർമാണ/ പുനരുദ്ധാരണ സഹായം**

സർക്കാർ ലൈഫ് പദ്ധതിയിലോ മറ്റു പദ്ധതികളിലോ ബന്ധപ്പെട്ട് സാമ്പത്തിക പരാധീനത മൂലം ഭവനനിർമാണം പൂർത്തിയാകാത്ത കുടുംബങ്ങൾ, മേൽക്കൂര ചോർന്നൊലിക്കുന്ന ഓടിട്ട വീടുകൾ, ചെറിയ തരം പുനരുദ്ധാരണ പ്രവർത്തനം ആവശ്യമായ വീടുകൾ എന്നിവയ്ക്ക് സഹായം നൽകുന്ന പദ്ധതി തയ്യാറായിട്ടുണ്ട്. 5 സെന്റിൽ താഴെ സ്ഥലമുള്ളവർ, 500 ച. അടിയിൽ കൂടുതൽ വിസ്തീർണമില്ലാത്ത വീടുകൾ എന്നിവർക്കാണ് അർഹത. അർഹതപ്പെട്ടവരുടെ അപേക്ഷകൾ ബഹു. വികാരിയച്ചന്മാർ ശുപാർശ ചെയ്ത് അയയ്ക്കാവുന്നതാണ്.

**ആസൂത്രണം ചെയ്തിട്ടുള്ള പരിപാടികൾ:**

സെപ്റ്റംബർ 2 : സഹൃദയ സ്പർശൻ ഓണാഘോഷം - സുബോധന, അങ്കമാലി.

സെപ്റ്റംബർ 3 : സഹൃദയ വജ്ര ജൂബിലി ആഘോഷത്തിന്റെ ഭാഗമായി മുൻകാല പ്രവർത്തകരുടെ സംഗമം - പൊന്നുരുന്നി.

സെപ്റ്റംബർ മൂന്നാം വാരം: ആനിമേറ്റർമാരുടെ സമ്മേളനം. മേഖലാതലത്തിൽ

സെപ്റ്റംബർ 25 : സഹൃദയ നാരീശക്തി പരിശീലനം ഉദ്ഘാടനം - പറവൂർ.

സെപ്റ്റംബർ 28 : സഹൃദയ ഫെസ്റ്റ് - തുതിയൂർ

ഒക്ടോബർ 1 : വയോജനദിനാചരണം

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

---

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

**Study Programs for September 2025**

- Shape your future with Austria's world class MBA, Bachelors and Masters degree programs- 2026 intake.
- We are accepting applications for the prestigious Ausbildung program in Germany
- Apply NOW for January 2026 study programs in Canada, Ireland and the UK.
- New IELTS and NICE (Naipunnya International Communicative English) offline batches commence every Monday this September.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9072919144**

**September Programs**

1. Italian (B1-B2) Offline batch starts September 1$^{ST}$.
2. German (B1) Offline batch starts September 22$^{nd}$.
3. German (B2) Offline batch starts September 29$^{th}$.
4. French (A1) Online batch starts September 8$^{th}$.
5. Spanish (A1) Online batch starts September 8$^{th}$.

**6.** Admissions are now open for Civil Service Regular, Sunday, Evening and Foundation batches 2005-2026.

**7.** For Civil Service Outreach Programs please contact the office.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

**September Programs**

1. **UGC NET /JRF** PAPER I & PAPER II –Offline Batch for 2025 DECEMBER exam. (Admissions now open for September batch)
2. **BANK** (IBPS, PO, CLERK, SO) –offline (New batch starts every Monday this September).
3. **SSC** (CGL, CHSL, MTS) –offline (New batch starts every Monday this September).
4. **CUET (**Common University Entrance Test) Online & Offline regular batches (Admissions are now open for September batch).
5. **RAILWAY RECRUITMENT BOARD**
   - Graduate level (New batch starts every Monday this September).
   - Undergraduate level (New batch starts every Monday this September).
6. **C MAT, K-MAT** Offline (Admissions are now open for September batch).
7. **IELTS, PTE & COMMUNICATIVE ENGLISH** new Offline & Online batches starts every Monday this September.
8. **LAW ENTRANCE** CLAT, KLEE, CUSAT –CAT-LLB (Online) Admissions are now open for September batch.

## 4) NAIPUNNYA INTERNATIONAL, L.F. CAMPUS, ANGAMALY

**Contact: 9544919155, 9633338433**

- IELTS, PTE & NICE (Naipunnya International Communicative English) New Offline batches commence every Monday this September. Reserve your seat and get started!

## 5) NAIPUNNYA INTERNATIONAL, PALA

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**Fr. Saje Kannaparamban**
**Director**

# ഡിപ്പാർട്ട്മെൻറ് ഓഫ് ബൈബിൾ അപ്പോസ്തലേറ്റ്

2025 ജൂബിലി ലോഗോസ് ക്വിസ് രജിസ്ട്രേഷൻ പൂർത്തിയാക്കുവാൻ സഹകരിച്ച വികാരിയച്ചന്മാർക്കും ലോഗോസ് കോഡിനേറ്റേഴ്സിനും വിശ്വാസ പരിശീലനത്തിലുള്ള എല്ലാ അധ്യാപകർക്കും പ്രധാന അധ്യാപകർക്കും കുടുംബയൂണിറ്റ് ഭാരവാഹികൾക്കും സെൻട്രൽ കമ്മിറ്റി അംഗങ്ങൾക്കും പ്രത്യേകം നന്ദി.

കഴിഞ്ഞ 24 വർഷവും എറണാകുളം-അങ്കമാലി അതിരൂപത കേരളത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ചതിനുള്ള സമ്മാനം നേടിയിരുന്നു. നമ്മുടെ അതിരൂപതയിൽ 289 സെന്ററുകളിൽ നിന്നായി 49,600 രജിസ്ട്രേഷനുകൾ നടത്തിയിട്ടുണ്ട്. ഈ ജൂബിലി വർഷവും എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് ഒന്നാംസ്ഥാനത്ത് എത്താൻ കഴിഞ്ഞു എന്നത് ഏറെ അഭിമാനകരമാണ്. പ്രതിസന്ധികളുടെ നടുവിലും നമ്മുടെ ഒറ്റക്കെട്ടായ പ്രവർത്തനത്തിലൂടെ അതിരൂപത ഈ വർഷവും സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം നേടി എന്നുള്ളത് ഏറെ നന്ദിയോടും സ്നേഹത്തോടും കടപ്പാടും കൂടി എല്ലാവരെയും അറിയിക്കുന്നു.

അതിരൂപതലത്തിൽ ലോഗോസ് രജിസ്ട്രേഷനിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്ക് അർഹരായവർ

| | |
|---|---|
| **ഒന്നാം സ്ഥാനം-** | **സെന്റ് ആന്റണീസ് ചർച്ച് എടക്കുന്ന് (കറുകുറ്റി ഫൊറോന)** |
| **രണ്ടാം സ്ഥാനം -** | **സെന്റ് ജോർജ് ചർച്ച് പുത്തൻപള്ളി (പറവൂർ ഫൊറോന)** |
| **മൂന്നാം സ്ഥാനം-** | **സെന്റ് ജോർജ് ബസിലിക്ക അങ്കമാലി (അങ്കമാലി ഫൊറോന)** |

**ജൂബിലി ലോഗോസ് ക്വിസ് പരീക്ഷ** 2025 സെപ്റ്റംബർ 28 തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ അതാത് സെൻററുകളിൽ വച്ച് നടത്തപ്പെടുന്നു. പരീക്ഷയുടെ ചോദ്യപേപ്പർ പാക്കറ്റുകൾ 27-ാം തീയതി ഫൊറോന മതബോധന സെക്രട്ടറിമാരായ സിസ്റ്റേഴ്സിന്റെ അടുക്കൽനിന്നും കൈപ്പറ്റാവുന്നതാണ്. ഓരോ സെന്ററിലേക്കുമുള്ള രജിസ്റ്റർ നമ്പറുകൾ അടങ്ങിയ ഹാൾടിക്കറ്റ് സെപ്റ്റംബർ 10-ാം തീയതി മുതൽ ലോഗോസ് വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. പരീക്ഷയ്ക്ക് മുൻപായി അവ ഡൗൺലോഡ് ചെയ്ത് എടുക്കേണ്ടതുമാണ്.

**ഫാ. ജോസഫ് താമരവെളി**
**ഡയറക്ടർ**

# കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസി

**ടിങ്കർഫെസ്റ്റ്**

എറണാകുളം-അങ്കമാലി കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി 2025 ഒക്ടോബർ 10-ാം തീയതി മേലൂർ സെന്റ് ജോസഫ്സ് ഹയർസെക്കന്ററി സ്കൂളിൽ വച്ച് ടിങ്കർഫെസ്റ്റ് സംഘടിപ്പിക്കുന്നു. നാല് ജില്ലകളിൽ നിന്നായി കോർപ്പറേറ്റിനു കീഴിലെ നൂറിൽപ്പരം വിദ്യാർത്ഥികളുടെ ഇന്നൊവേറ്റീവ് പ്രോജക്ടുകൾ അവതരിപ്പിക്കപ്പെടും. വെബ് ആൻഡ് ക്രാഫ്റ്റ് കമ്പനിയുടെ സി.ഇ.ഒ. ജിലു ജോസഫ് വിശിഷ്ടാതിഥിയായെത്തും. കോർപ്പറേറ്റ് മാനേജർ ഫാ. തോമസ് നങ്ങേലിമാലിൽ, അസിസ്റ്റന്റ് മാനേജർ ഡോ. ബെന്നി പാലാട്ടി, സ്കൂൾ മാനേജർ ഫാ. ടോമി കണ്ടത്തിൽ എന്നിവർ നേതൃത്വം വഹിക്കും.

## അറിയിപ്പ്

**സ്കൂൾ വിസിറ്റ് - സെപ്റ്റംബറിൽ**

എറണാകുളം-അങ്കമാലി വിദ്യാഭ്യാസ ഏജൻസിയിലെ ഇൻസ്പെക്ഷൻ ടീം കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ വിദ്യാലയങ്ങൾ സന്ദർശിക്കുകയും കുട്ടികളെയും അദ്ധ്യാപകരെയും നേരിട്ടുകണ്ട് സ്കൂൾ പ്രവർത്തനങ്ങളും സൗകര്യങ്ങളും വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഇതുവരെ 20 വിദ്യാലയങ്ങൾ സന്ദർശിച്ച ടീം, സെപ്റ്റംബർ മാസത്തിൽ സന്ദർശനം പുനരാരംഭിക്കും.

**സ്പോർട്സ് ഉപകരണങ്ങളുടെ വിതരണം**

വിദ്യാർത്ഥികളുടെ പഠനതാല്പര്യവും സമഗ്രവളർച്ചയും ലക്ഷ്യം വച്ച് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ എല്ലാ വിദ്യാലയങ്ങളിലേക്കും രണ്ടരലക്ഷം രൂപയുടെ സ്പോർട്സ് ആവശ്യത്തിനായുള്ള വസ്തുക്കൾ വിതരണം ചെയ്യുന്നു. കോർപ്പറേറ്റ് ഓഫീസുമായി ബന്ധപ്പെടുക.

**അദ്ധ്യാപകരുടെ പരിശീലനം**

അദ്ധ്യാപകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി ഏജൻസിയിലെ അധ്യാപകരുടെ സമഗ്രവളർച്ചയും അധ്യാപന കഴിവുകളിലുള്ള മികവും ലക്ഷ്യം വച്ച് ചുണങ്ങംവേലി, നിവേദിതയുടെ നേതൃത്തിൽ 'ഗുരു - Psycho-social skilling for teachers' ന്റെ മൂന്നാം ഘട്ടം പരിശീലനം നടക്കുന്നു. പങ്കെടുക്കണ്ടേവർ പേരുകൾ രജിസ്റ്റർ ചെയ്യുക.

**ആർട്സ് ഫെസ്റ്റ്**

അതിരൂപതയിലെ വിദ്യാഭാസ ഏജൻസിയിലെ വിദ്യാർത്ഥികൾക്കായി സെപ്റ്റംബർ 19, 20 തീയതികളിൽ റിന്യൂവൽ സെന്ററിൽ വച്ച് ആർട്സ് ഫെസ്റ്റ് നടക്കുന്നു. 5 വിഭാഗങ്ങളിലായ് കെ.ജി. മുതൽ 12-ആം ക്ലാസ്സ് വരെയുള്ള 2000 വിദ്യാർഥികൾ മത്സരങ്ങൾക്കായ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## വാർത്ത

**തറക്കല്ലിടൽ : എഴുപുന്ന സെന്റ് റാഫേൽ**

എഴുപുന്ന സെന്റ് റാഫേൽ വിദ്യാലയത്തിലെ യു.പി. വിഭാഗം പുതിയ കെട്ടിടത്തിന് തറക്കല്ലിട്ടു. ഏജൻസി മാനേജർ ഫാ. തോമസ് നങ്ങേലിമാലിൽ, വികാരി ഫാ. ജോമോൻ ശങ്കുരിക്കൽ, എം.എൽ.എ. ദലീമ ജോജോ, ഫാ. ബെന്നി പാലാട്ടി, ഫാ. ജെറിൻ കുരിശിങ്കൽ, പ്രധാനാദ്ധ്യാപിക സി. ആൻസമ്മ എന്നിവർ സന്നിഹിതരായിരുന്നു.

**തിയേറ്റർ ക്യാമ്പ്**

ഏജൻസിയുടെ കീഴിലുള്ള ഹൈസ്കൂളുകളിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായി നിവേദിത, ചുണങ്ങംവേലിയിൽ വച്ച് 5 ദിവസം താമസിച്ചുകൊണ്ടുള്ള തീയറ്റർ ക്യാമ്പ് നടന്നു. അഭിനയം, ടീം വർക്ക്, നേതൃത്വം എന്നിവയിലുള്ള പരിശീലനം നല്കിയത് ശ്രീശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി കാലടിയിലെ തീയറ്റർ വിഭാഗം അദ്ധ്യാപകരാണ്
.

**പ്രധാനാധ്യാപകരുടെ സമ്മേളനം**

എറണാകുളം-അങ്കമാലി വിദ്യാഭ്യാസ ഏജൻസിയിലെ എല്ലാ വിദ്യാലയങ്ങളിലേയും പ്രധാനാധ്യാപകരുടെ സമ്മേളനം ഫാ. തോമസ് നങ്ങേലിമാലിൽ-ന്റെ അദ്ധ്യക്ഷതയിൽ റിന്യൂവൽ സെന്ററിൽ വച്ച് നടന്നു. അദ്ധ്യക്ഷപ്രസംഗത്തിൽ പുതിയ അദ്ധ്യയന വർഷത്തേക്കുള്ള നിർദ്ദേശങ്ങൾ തോമസച്ചൻ നൽകി. 73 പേർ പങ്കെടുത്ത സമ്മേളനത്തിൽ നിവേദിത ഡയറക്ടർ ഫാ. ജോസ് മണ്ടാനത്ത് ക്ലാസ് നയിച്ചു. അസിസ്റ്റന്റ് മാനേജർ ഫാ. ബെന്നി പാലാട്ടി ആശംസയർപ്പിച്ചു. 10.00 മണിക്ക് ആരംഭിച്ച സമ്മേളനം ഉച്ചഭക്ഷണത്തോടെ അവസാനിച്ചു.

**കോർ കമ്മിറ്റി മീറ്റിംഗ്**

2025-2026 അദ്ധ്യയന വർഷത്തിലെ പാഠ്യ-പഠനേതര പ്രവർത്തനങ്ങൾ തയ്യാറാക്കുന്നതിന് കോർ കമ്മിറ്റി മീറ്റിംഗ് വിദ്യാഭ്യാസ ഏജൻസിയുടെ കലൂരുള്ള ഓഫീസിൽ വച്ച് നടന്നു. എല്ലാ വിഭാഗത്തിലുമുള്ള വിദ്യാലയങ്ങളിൽ നിന്നുള്ള അദ്ധ്യാപക-അനദ്ധ്യാപക പ്രതിനിധികൾ ഉൾകൊള്ളുന്ന കോർകമ്മിറ്റിയിൽ 15 പേരാണുള്ളത്.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**കോപ്പറേറ്റ് മാനേജർ**

# കേരള കത്തോലിക്കാ ടീച്ചേഴ്സ് ഗിൽഡ്

**കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് പുതിയ അതിരൂപത സമിതിയെ തെരഞ്ഞെടുത്തു**

കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് 2025-2028 പ്രവർത്തനവർഷത്തിലേക്കുള്ള പുതിയ അതിരൂപത സമിതിയെ കലൂർ റിന്യൂവൽ സെന്ററിൽ ചേർന്ന യോഗത്തിൽ തെരഞ്ഞെടുക്കുകയുണ്ടായി. അതിരൂപത ഡയറക്ടർ റവ. ഫാ. തോമസ് നങ്ങേലിമാലിൽ, അസി. ഡയറക്ടർ റവ.ഡോ.ബെന്നി പാലാട്ടി, പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. ഫ്രാൻസീസ് ഇടത്രക്കരി എന്നിവരുടെ നേതൃത്വത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ അതിരൂപതയുടെ ചേർത്തല, എറണാകുളം, ആലുവ, പറവൂർ, അങ്കമാലി, കൊരട്ടി എന്നീ 6 മേഖലയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർ പങ്കെടുത്തു.

| | | |
|---|---|---|
| അതിരൂപത പ്രസിഡന്റ് | : | ജീബ പൗലോസ്<br>(കാർഡിനൽ HS,തൃക്കാക്കര) |
| ജനറൽ സെക്രട്ടറി | : | ബിനോയി ജോസഫ്<br>(ഇൻഫന്റ് ജീസസ് HS,വടയാർ) |
| ട്രഷറർ | : | ജോസഫ് പാലയ്ക്കാപ്പിള്ളി<br>(സെന്റ് മേരീസ് LPS, തൃപ്പൂണിത്തുറ), |
| വൈസ് പ്രസിഡന്റുമാർ | : | ജോയ്മോൻ K.J.<br>(സെന്റ് ജെർമൻസ് LPS, നോർത്ത് പറവൂർ)<br><br>സിസ്റ്റർ ഷിജി ചിറയത്ത് SD<br>(സെന്റ് ജോസഫ്സ് UPS,ചുണങ്ങുംവേലി) |
| ജോ.സെക്രട്ടറിമാർ | : | അനിത ജോർജ്<br>(സെന്റ് തോമസ് HSS അയിരൂർ),<br><br>ഗ്ലോറിയ ലോനപ്പൻ<br>J Y LPS മേലൂർ |

എന്നിവരെയും, എക്സിക്യൂട്ടീവ് മെമ്പേഴ്സ് ആയി 7 അധ്യാപകരെയും തെരഞ്ഞെടുത്തു.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**കോപ്പറേറ്റ് മാനേജർ**

# AICO
## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗുകൾ**

| | |
|---|---|
| ആഗസ്റ്റ് 18 | നൈപുണ്യ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് |
| ആഗസ്റ്റ് 26 | നൈപുണ്യ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് |

**ഫാ. ആന്റോ ചേരാംതുരുത്തി**
**സിഞ്ചെല്ലൂസ്**

# അതിരൂപതാ ഡയറി

**ജൂലൈ 2025**

31 ജോസഫ് പാംപ്ലാനി പിതാവ് ചുണങ്ങംവേലി നിവേദിതയിൽ നടന്ന അതിരൂപതാ വൈദികരുടെ വാർഷിക ധ്യാനത്തിൽ (നാലാം ബാച്ച്) പങ്കെടുക്കുന്ന അച്ചന്മാരെ വ്യക്തിപരമായി കണ്ടു സംസാരിക്കുകയും പ്രഭാഷണം നടത്തുകയും ചെയ്തു.

ജോസഫ് പാംപ്ലാനി പിതാവ്, വൈകിട്ട് അങ്കമാലിയിൽ, ഛത്തീസ്ഗഡിൽ ക്രൂരമായ ആക്രമണങ്ങൾക്ക് വിധേയരായ, പ്രിയപ്പെട്ട സിസ്റ്റർ വന്ദന, സിസ്റ്റർ പ്രീതി എന്നിവർക്ക് എറണാകുളം-അങ്കമാലി അതിരൂപതയുടെ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിന് ഭാഗമായി നടന്ന പ്രതിഷേധാഗ്നി യോഗം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

**ആഗസ്റ്റ് 2025**

5 കലൂർ റിന്യൂവൽ സെന്ററിൽ നടന്ന വൈദിക ദിനാഘോഷത്തിൽ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവും മാർ ജോസഫ് പാംപ്ലാനി പിതാവും പങ്കെടുത്തു.

5 - 9 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന കെ.സി.ബി.സി. മീറ്റിങ്ങിൽ ജോസഫ് പാംപ്ലാനി പിതാവ് പങ്കെടുത്തു.

7 ജോസഫ് പാംപ്ലാനി പിതാവ്, അതിരൂപതയുടെ വിവിധ സ്ഥാപനങ്ങളിൽ റീജൻസി ചെയ്യുന്ന ബ്രദേഴ്സിന്റെ, അരമനയിൽ നടന്ന ധ്യാനത്തിന് ആമുഖ പ്രഭാഷണം നടത്തുകയും അവരെ കാണുകയും ചെയ്തു.

9 ജോസഫ് പാംപ്ലാനി പിതാവ്, പൊങ്ങം നൈപുണ്യ കോളേജിൽ, വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടന്ന അങ്കമാലി സോണൽ മീറ്റിംങ്ങിൽ പങ്കെടുത്തു.

10 ജോസഫ് പാംപ്ലാനി പിതാവ്, രാവിലെ താമരച്ചാൽപുറം സേക്രഡ് ഹാർട്ട് പള്ളിയിൽ ദിവ്യബലി അർപ്പിച്ചു.

ജോസഫ് പാംപ്ലാനി പിതാവ്, അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ കോൺഗ്രിഗേഷനുകളുടെയും പ്രൊവിൻഷാൾമാരുടെ അരമനയിൽ നടന്ന യോഗത്തിൽ പങ്കെടുത്തു.

15 റാഫേൽ തട്ടിൽ പിതാവ്, കൊരട്ടി സെന്റ് മേരീസ് ഫൊറോനാ പള്ളി സന്ദർശിക്കുകയും ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

24 റാഫേൽ തട്ടിൽ പിതാവ്, അയിരൂർ സെന്റ് ആന്റണീസ് പള്ളിയുടെ സെന്റിനറി ജൂബിലി ആഘോഷങ്ങൾക്ക് ആരംഭംകുറിച്ചുകൊണ്ട് പള്ളിയിൽ നടന്ന പരിപാടികളിൽ സംബന്ധിച്ചു.

18–29 സീറോമലബാർ മെത്രാൻ സിനഡിൽ മാർ റാഫേൽ തട്ടിൽ പിതാവും മാർ ജോസഫ് പാംപ്ലാനി പിതാവും സംബന്ധിച്ചു.

* * * * *




എറണാകുളം-അങ്കമാലി അതിരൂപത
സന്യാസിനിമാരെ കൽത്തുറുങ്കിലടച്ച ഭരണകൂടത്തിന്റെ നടപടിക്കെതിരെ
BLOOMS
ഛത്തീസ്ഗഡിൽ കന്യാസ്ത്രീകളുടെ അന്യായ അറസ്റ്റിൽ പ്രതിഷേധിച്ച്
വ്യാജമായ ആരോപണങ്ങൾ പിൻവലിക്കുക
പ്രതിഷേധാഗ്നി
Lorem Ipsum


എറണാകുളം-അങ്കമാലി

RNI No. 3421/57
Date of Publication: 01-09-2025
Registered: KL/EKM/748/2025-27
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM




Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese.

www.ernakulamarchdiocese.org